ലിറ്റിൽ കൈറ്റ്സ്

പ്രസിദ്ധീകരണം

# ധ്വനി

## ഡിജിറ്റൽ മാസിക

2019-20

**സെന്റ്മേരീസ് ഗേൾസ് ഹൈസ്ക്കൂൾ**

**കായംകുളം**

## From The Headmistress Desk



പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെയും, ഹൈടെക്ക് സ്കൂൾ പദ്ധതിയുടെയും ഭാഗമായി കുട്ടികളിൽ ഐ.സി.ടി അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായികൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്.

കാലോചിതമായ ആധുനിക വൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ്, സ്കൂളുകളിൽ ഇന്ന് നടപ്പിലാക്കിയിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതി. വിവരവിനിമയ സാങ്കേതിക വിദ്യയിൽ കൂടുതൽ പരിശീലനം നൽകി, കുട്ടികളെ പ്രബുദ്ധരാക്കുക എന്നതാണിതിന്റെ ലക്ഷ്യം.

അനന്തശക്തിയും അനന്തജ്ഞാനവുമുള്ള പ്രപഞ്ചമനസ്സിന്റെ ജീവിതത്തിലെ ഓരോ ദിനവും പുതുമയാർന്നതാണ്. പുതിയ അനുഭവങ്ങളെ, പ്രതീക്ഷകളെ, സ്വപ്നങ്ങളെ, സുന്ദരമാക്കുവാൻ ഇന്റർനെറ്റിനും അതിനോടനുബന്ധമായ ഹൈടെക് സംവിധാനങ്ങൾക്കും കഴിയും.

നക്ഷത്രപഥങ്ങളെണ്ണുന്ന കുഞ്ഞുതലമുറയുടെ വർണ്ണാഭമായ സ്വപ്നങ്ങളെ, ലോകമെങ്ങും പ്രകാശം പരത്താൻ കഴിയുന്ന വർണ്ണരശ്മികളായി മാറ്റാൻ ഈ ഡിജിറ്റൽ മാസികയിലൂടെ ഇടയാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

അവതരണശൈലികൊണ്ടും, ഉള്ളടക്കം കൊണ്ടും ഏറെ മികവുറ്റ "ധ്വനി " ഡിജിറ്റൽ മാസികയുടെ പിന്നിൽ പ്രവർത്തിച്ച അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിച്ചുകൊള്ളുന്നു. എല്ലാ വിധ ആശംസകളും നേർന്നുകൊണ്ട്...........

**SISTER POORNIMA**
*SCHOOL HEADMISTRESS*



## ആശംസ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമാക്കുന്ന 'ലിറ്റിൽ കൈറ്റ്സ് ' ഐ.ടി ക്ലബ്ബുകൾ രൂപീകരിക്കാൻ 1955 സ്കൂളുകൾക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) അംഗീകാരം നൽകി.

ഹാർഡ്വെയർ, ആനിമേഷൻ, ഇലക്ട്രോണിക്സ്, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ് നിർമ്മാണം, പ്രോഗ്രാമിങ്, റോബോട്ടിക്സ്, ഇ-ഗവേണൻസ്, വെബ് ടിവി തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേക വൈദഗ്ദ്ധ്യം നൽകുന്നതാണ് 'ലിറ്റിൽ കൈറ്റ്സ് ' പദ്ധതി.

കുട്ടികളുടെ ചിന്തയെ കൂടുതൽ ഉണർത്താൻ ഈ സംരംഭം കൊണ്ട് സാധിക്കുന്നു. ടെക്നോളജികളുടെ ഇന്നത്തെ തലമുറയിൽ കുട്ടികളിലേക്ക് കൂടുതൽ അറിവ് നൽകാനും അത് മറ്റുള്ളവരിലേക്ക് എത്തിക്കാനും ഈ പദ്ധതി സഹായകരമാകുന്നു.

"ധ്വനി " ഡിജിറ്റൽ മാസികയുടെ പിന്നിൽ പ്രവർത്തിച്ച അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിച്ചുകൊള്ളുന്നു. എല്ലാ വിധ ആശംസകളും നേർന്നു കൊണ്ട്...........

MOLYKUTTY. M
(LITTLE KITE MISTRESS)

# <u>സന്തോഷം കിട്ടാൻ</u>

ഉച്ചയൂണ് കഴിഞ്ഞ് വിശ്രമിക്കുകയായിരുന്നു ബിട്ടുനായ. മകൻ ചോട്ടു തൊട്ടടുത്ത് നിർത്താതെ വട്ടം കറങ്ങുന്നു. സ്വന്തം വാലിൽ തിരിഞ്ഞു കടിക്കാൻ പണിപ്പെടുകയാണവൻ.

"അച്ഛാ, എത്ര നോക്കിയിട്ടും വാലിൽ കടിക്കാൻ പറ്റുന്നില്ലല്ലോ" ചോട്ടു ബിട്ടുവിനോട് സങ്കടം പറഞ്ഞു. ഇതുകേട്ട് ബിട്ടുവിന് ചിരിവന്നു. "ഹ...ഹ...നീ എന്തിനാ ഇത്ര പാടുപെട്ട് വാലിൽ കടിക്കാൻ നോക്കുന്നത്?"



"അതോ, സന്തോഷം വരുമ്പോഴല്ലേ നമ്മൾ വാലാട്ടുന്നത്? അപ്പോൾ നമ്മുടെ സന്തോഷം വാലിലല്ലേ? സന്തോഷം കിട്ടാനാ ഞാൻ വാലിൽ കടിക്കാൻ നോക്കുന്നത്" ചോട്ടു പറഞ്ഞു.

ബിട്ടു അതുകേട്ട് ചിരിച്ചു. എന്നിട്ടു പറഞ്ഞു "മോനേ ഞാനും നിന്നെപ്പോലെയായിരുന്നു. വാലിലെ സന്തോഷം എത്തിപ്പിടിക്കാൻ കുറേ നോക്കിയതാ. പിന്നെ മനസ്സിലായി, ഞാൻ നടക്കുമ്പോൾ വാൽ തന്നെത്താൻ പിന്നാലെ വരുമെന്ന്. **സന്തോഷം എത്തിപ്പിടിക്കാൻ നമ്മൾ ശ്രമിക്കേണ്ട കാര്യമില്ല. അതു താനേ നമ്മളെ പിന്തുടരും!".**

*St. Mary's GHS, Kayamkulam*

# പച്ചപ്പ്



ആയിരം മരതകമുത്തുകൾ
വാരിയെറിയും
ഭൂമിക്കാഹാ പച്ചനിറം.
വയൽവരമ്പിൽ നൃത്തംചെയ്യും
പുല്ലുകൾക്കോ പച്ചനിറം.
പൂന്തോപ്പിലാകെ പാറി രസിക്കും
തകരമുത്തിക്കും പച്ചനിറം.

സ്വാതന്ത്ര്യത്തിൻ
ദേശീയപതാകയുയരുമ്പോൾ
താഴെക്കാണാം പച്ചനിറം.
ഭൂമിയിലെ പച്ചകൾ
കാണുമ്പോൾ
നമ്മുടെ മനസ്സിൽ നിറയും
സന്തോഷത്തിൻ പച്ചനിറം.



Hana Ershad
9. D

St. Mary's GHS, Kayamkulam

# ഭൂമിതൻ മൂല്യം

പാലായനം! പാലായനം!
ഭൂമിയുടെ പാലായനം!
മനുഷ്യൻ തൻ ധൃതിയിൽ
വിസ്മരിക്കുന്നു നിലനിൽപ്....



മുറിച്ചു കളയും വൃക്ഷം,
ഇടിച്ചു കളയും കുന്ന്,
ചപ്പു ചവറുകൾ എറിയും
ഭൂമിയിൽ മാനവർ....

എന്തിനിങ്ങനെ ചെയ്യുക നീ,
എന്തിനിങ്ങനെ ദ്രോഹിക്കുന്നു
ഭൂമിയെ.......



ഭൂമിയെ നശിപ്പിക്കും
പ്രവർത്തികൾ
ചെയ്യും മനുഷ്യാ നീ.....
ഓർക്കുക ഈഭൂമിയില്ലെങ്കിൽ,
വായുവില്ലെങ്കിൽ,
വെള്ളമില്ലെങ്കിൽ
നമ്മുടെ നിലനിൽപുണ്ടോ
ഭൂമിയിൽ?...



ദ്രോഹിക്കരുതേ.... നീ,
യാചിക്കുകയാണു ഞാൻ
കൊല്ലരുതെ..... നീ,
കരയുകയാണു ഞാൻ

ഭുമിതൻ രോദനം,
ഭൂമിതൻ നിലവിളി
ശ്യവിക്കുക നീ മർത്യാ....
കേൾക്കുക നീ......

Hana Ershad
9. D

*St. Mary's GHS, Kayamkulam*

# എന്റെ കേരളം

കേരളം തിങ്ങും നാടാണ്,
നൻമ നിറഞ്ഞൊരു നാടാണ്.







പുഴകളൊഴുകും നാടാണ്,
പാടങ്ങളുള്ളൊരു നാടാണ്.

മലകളുള്ളൊരു നാടാണ്,
മഴയും വേനലുമിവിടുണ്ട്.





നഴ്സറിയുണ്ട്, സ്കൂളുണ്ട്,
ആശുപത്രിയും ഇവിടുണ്ട്.

സുന്ദരമായൊരു നാടാണ്,
കേരളം എൻപ്രിയ നാടാണ്.





# മുത്തശ്ശിക്കഥയിൽ

മുത്തിശ്ശിക്കഥയിൽ വിരിഞ്ഞൊരു
മുത്തുണ്ടല്ലോ മുന്നാഴി
നാടൻപാട്ടിലലിഞ്ഞു വഴിഞ്ഞൊരു
നറുതേനുണ്ടേ നാനാഴി



മതി വരുമോ നുകരുന്തോറും
കൊതിയൂട്ടും മലയാളം
കുടികൊള്ളുക മനമേ നിന്നേ
അമൃതൂട്ടീ മലയാളം




തുഞ്ചന്റെ കിളിമൊഴികേട്ടു
മയങ്ങിയ മലയാളം
കുഞ്ചന്റെ ചിരിയിലുണർന്നു
കുലുങ്ങിയ മലയാളം




വഞ്ചിപ്പാട്ടലകളുതിർത്തു
തിമിർത്തൊരു മലയാളം
പൂന്താനപ്പാനയിൽ നിർവൃതി
കൊണ്ടൊരു മലയാളം.

*St. Mary's GHS, Kayamkulam*

# <u>കടുവയുടെ തന്ത്രം</u>



ഒരിക്കൽ ഒരു കടുവ കാൽതെറ്റി പൊട്ടക്കിണറ്റിൽ വീണു. കുറെക്കഴിഞ്ഞ് ചില മുയലുകൾ ആ വഴി വന്നു. "ദേ... കിണറ്റിൽ കടുവ!"... മുയലുകൾക്ക് സന്തോഷമായി. അവർ കടുവയെ കല്ലെറിയാൻ തുടങ്ങി. കടുവ അനങ്ങിയില്ല. "ഇതൊരു മണ്ടൻ കടുവയാ."... മുയലുകൾ പറഞ്ഞു. കുറച്ചുകഴിഞ്ഞപ്പോൾ കുറേ കുരങ്ങന്മാർ വന്നു. അവരും കടുവയെ കല്ലെറിഞ്ഞു. കടുവ അപ്പോഴും അനങ്ങിയില്ല!

കുറെ കഴിഞ്ഞപ്പോൾ കുഴിയിൽ കുറേ കല്ലുകളായി. കടുവ അതിൽ ചവിട്ടി കയറി കിണറിനു പുറത്തെത്തി. എന്നിട്ട് ഒറ്റ അലറൽ! ഗർ...ർ!............. എല്ലാ മൃഗങ്ങളും ഓടിയൊളിച്ചു!. ഇതെല്ലാം കണ്ട ഒരു കാക്ക കടുവയോടു ചോദിച്ചു "എന്തുകൊണ്ടാണ് താങ്കൾ ഇത്രയും നേരം ഒന്നും മിണ്ടാതിരുന്നത്". അപ്പോൾ




കടുവ മറുപടി പറഞ്ഞു "ഞാൻ മിണ്ടാതിരുന്നതുകൊണ്ടല്ലേ അവർ പിന്നേയും, പിന്നേയും കല്ലേറിഞ്ഞത്. അതുകൊണ്ട് എനിക്ക് കല്ലുകളിൽ ചവിട്ടി രക്ഷപ്പെടാനായി. **തൽക്കാലത്തെ വിജയത്തിനായി അലറിയിരുന്നെങ്കിൽ ഞാനിപ്പോഴും കുഴിയിൽ തന്നെ കിടന്നേനെ!"**

വൃന്ദാ പ്രസാദ്
9 ഡി

# വണ്ടും ഞണ്ടും

വണ്ടൂരുള്ളൊരു വണ്ടും
മുണ്ടൂരുള്ളൊരു ഞണ്ടും
കണ്ടൂ തമ്മിലിടഞ്ഞു,



ശണ്ഠ തുടങ്ങീ രണ്ടും
ഞണ്ടൊരിറുക്കു കൊടുത്തു
വണ്ടു കിടന്നു മുരണ്ടു.
രണ്ടും കൂടിയുരുണ്ടു-അതു
കണ്ടൊരു പൂച്ച വിരണ്ടു!...........



വൃന്ദാ പ്രസാദ്
9 ഡി

*St. Mary's GHS, Kayamkulam*

# <u>പഴ്സ് കിട്ടിയാൽ</u>

അറുപിശുക്കനായ ഗോണ്ടുറാം ഒരിക്കൽ ബസിൽ യാത്ര ചെയ്യുകയായിരുന്നു. അല്പം കഴിഞ്ഞപ്പോൾ പരിഭ്രാതനായി ഗോണ്ടുറാം വിളിച്ചുകൂവി, അയ്യോ എന്റെ പഴ്സ് കാണാതേ പോയേ. സഹായിക്കണേ. അയ്യായിരം രൂപയുണ്ടായിരുന്നു അതിൽ! .............




യാത്രക്കാരെല്ലാം തിരച്ചിലോടുതിരച്ചിലായി. അവർക്കോപ്പം ഗോണ്ടുറാമും തിരയാൻ കൂടി. പക്ഷേ പഴ്സ് മാത്രം കിട്ടിയില്ല. സമയം കടന്നുപോകുംതോറും ഗോണ്ടുറാമിന് ടെൻഷൻ കൂടിക്കൂടിവന്നു.

പഴ്സ് മറ്റാർക്കെങ്കിലും കിട്ടി പണം മുഴുവനും അയാൾ കൈക്കലാക്കിയാലോ! ഒടുവിൽ സഹികെട്ട് ഗോണ്ടുറാം ഓഫർ മുന്നോട്ടുവച്ചു എല്ലാവരും ശരിക്കും ഒന്നു തിരഞ്ഞുനോക്കൂ....., ആ പഴ്സ് കണ്ടെത്തി എന്നെ ഏൽപ്പിച്ചാൽ ഞാൻ നൂറു രൂപ സമ്മാനം തരാം... അപ്പോൾ പിന്നിൽ നിന്ന് ഒരുത്തൻ വിളിച്ചു പറഞ്ഞു, എന്നെ ഏൽപ്പിച്ചാൽ ഞാൻ ആയിരം രൂപ തരാം!.. ഇതുകേട്ട് ഗോണ്ടുറാം തലതാഴ്ത്തി നിന്നു.....

വൃന്ദാ പ്രസാദ്

9 ഡി

# ഹൈലോസിട്രസ് പ്രിൻസ് ചാൾസി



ചാൾസ് രാജകുമാരൻെറ പേരിൽ വിലസുകയാണ് ഇക്വഡോറിൽ കണ്ടുവരുന്ന ഒരിനം മരത്തവള!. ഈ പേരിനു പിന്നിലൊരു കഥയുണ്ട്.

മഴക്കാടുകളുടെ സംരക്ഷണത്തിനായി പ്രവർത്തിച്ച ചാൾസ് രാജകുമാരൻ തവളകളെയായിരുന്നു പ്രചരണത്തിൻെറ അടയാളമാക്കിയത്. അതുകൊണ്ട് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ തവളകൾക്ക് അദ്ദേഹത്തിൻെറ പേരുനൽകി.

ഭാവന . എസ്സ്. ബാബു

# <u>നമ്മുടെ ഭൂമി</u>



കണ്ടോ കണ്ടോ നമ്മുടെ ഭൂമി
അമ്മയാം നമ്മുടെ ജീവരംഗം
എന്തുപറ്റി നമ്മുടെ നാടിന്...
പുഴയിലൊഴുകാൻ മാലിന്യം മാത്രം ..........

പനികൾ, വ്യധികൾ, ദുരിതങ്ങളും
മോചനമുണ്ടോ വിഷങ്ങളിൽ നിന്നും......
നമ്മളായ് തീർക്കുന്ന എച്ചിലെല്ലാം
പുഴയല്ലോ പേറുന്നു മാലിന്യമായ്..........

നമ്മൾ കുടിക്കും പാനീയത്തിൻ
കുപ്പികൾ പാതയിൽ ചിതറിവീഴും ...

വരദാനമല്ലെ പുഴ..., പാതകൾ.........
മരങ്ങൾ നിറഞ്ഞ പരിസരവും.....
കാവൽ ചെയ്യുക നീ................

*St. Mary's GHS, Kayamkulam*

# <u>മഴ...മഴ!</u>



തെങ്ങോലകളുടെ

മീതേ നൃത്തം

വച്ചു വരുന്നു മഴ,

തെങ്ങിൻചോട്ടിലെ

വീടിനു മുകളിൽ

താളം കൊട്ടി മഴ,



മേഘക്കൊമ്പിലൊ-

രൂഞ്ഞാൽ കെട്ടി-

ട്ടാടിവരുന്നു മഴ,

നമ്മുടെ കാലടി-


യാകെ നനച്ചു

ചിരിച്ചു വരുന്നു മഴ!

ഭാവന .എസ്. ബാബു
9 G

# സർ ഐസക് ന്യൂട്ടൻ

ഭൂഗുരുത്വാകർഷണബലത്തെക്കുറിച്ച് ആദ്യമായി വിശദീകരിച്ച ചിന്തകനും, ശാസ്ത്രജ്ഞനുമാണ് സർ ഐസക് ന്യൂട്ടൻ. 1642-ൽ ഇംഗ്ലണ്ടിലാണ് ഐസക് ന്യൂട്ടൻ ജനിച്ചത്.




ഗണിതത്തിലെ അതീവ പ്രാധാന്യമുള്ള കാൽക്കുലസ് (Calculus) എന്ന ശാഖയ്ക്ക് അടിത്തറയിട്ട രണ്ടുപേരിൽ ഒരാൾ ന്യൂട്ടനാണ്. അദ്ദേഹത്തിൻെറ പ്രശസ്തമായ ഗ്രന്ഥമാണ് **'പ്രിൻസിപ്പിയ'.** 1727 -ൽ ന്യൂട്ടൻ അന്തരിച്ചു.

Bhavana
9 G

# അടിയോടടി



വടകരയുള്ളൊരു വിടുവായൻ

വടയും തിന്നു വരുന്നേരം

കൊടകരയുള്ളൊരു കുടവയറൻ

കുടയും കൊണ്ടു കുതിച്ചെത്തി,



അടിമാലിയിലുള്ളവറാച്ചൻ,


വടിയുംകുത്തി നടുക്കെത്തി

വടയും വടിയു കുടയുംകൊണ്ടവ-

രടിയോടടിപിടി

പൊടിപൂരം!..........

Bhavana
9 G



# നൂറ്റാണ്ടിന്റെ വെളിച്ചം

ഒരിടത്ത് കണ്ണുകാണാനും ചെവികേൾക്കാനും വയ്യാത്ത ഒരു പെൺ കുട്ടി ഉണ്ടായിരുന്നു. 1887 മാർച്ച് 3-ാം തീയതി അവളെ പഠിപ്പിക്കാൻ മിടുക്കിയായ ഒരു അദ്ധ്യാപിക വീട്ടിലെത്തി. **ആനി സള്ളിവൻ** എന്ന പുതിയ അദ്ധ്യാപികയെ ആ ഏഴുവയസ്സുകാരിക്ക് ഇഷ്ടമായി. അവർ ഒത്തിരി കാര്യങ്ങൾ കുട്ടിക്ക് പഠിപ്പിച്ച് കൊടുത്തു. **ഹെലൻ കെല്ലർ** എന്ന ആ പെൺകുട്ടി പിന്നീട് ലോകം മുഴുവൻ അറിയപ്പെടുന്ന എഴുത്തുകാരിയായി. കണ്ണുകാണാനും, ചെവികേൾക്കാനും പറ്റാത്തവർ ക്കുവേണ്ടി നിരവധി കാര്യങ്ങൾ ചെയ്തു.



1880 ജൂൺ 27-ന് അമേരിക്കയിലെ അലബാമാ സംസ്ഥാനത്തെ ടസ്ക്കുമ്പിയ പട്ടണത്തിലാണ് ഹെലന്റെ ജനനം. ക്യാപ്റ്റൻ ആർതർ കെല്ലറും, കേറ്റ് ആഡംസ് കെല്ലറുമായിരുന്നു മാതാപിതാക്കൾ. ഒന്നര വയസ്സുള്ളപ്പോൾ ഹെലന് കാഴ്ചയും കേൾവിയും നഷ്ടമായി. എങ്കിലും ആനി സള്ളിവന്റെ വരവ് ഹെലന്റെ ജീവിതം മാറ്റിമറിച്ചു. 1968 ജൂൺ 1-ാം തീയതി ഹെലൻ കെല്ലർ അന്തരിച്ചു.

ലക്ഷ്മി.ബി

9 ഡി

# കൃഷി



ഓർക്കുകയാണു ഞാനാദ്യമായി ഹൈഹീൽ ചെരുപ്പുകൾ കണ്ടകാര്യം. അന്നൊരു ഹോളിഡേ ആയിരുന്നു. പുലർച്ചെ ഞാൻ കൺതുറന്നു നോക്കുമ്പോൾ, അയൽപ്പക്കത്തെക്കത്തെ അന്തോണിചേട്ടനാണ്.... അബുദാബിക്കാരിയാം ഭാര്യ കുഞ്ഞന്നാമ്മയുമൊത്ത് അവധിക്കുവന്നതാണ്. അല്പം പച്ചപരിഷ്ക്കാരിയാണു കേട്ടോ...!!!



പുലരിയിൽ ഭാര്യയും, ഭർത്താവും പാടത്തു ചുറ്റിക്കറങ്ങുന്നു. അത്ഭുതമൂറും മിഴിയുമായ് ഞാൻ ആ കാഴ്ച കണ്ടിരുന്നു പോയി. കൂരാണിവച്ച ചെരുപ്പുമിട്ട് കുഞ്ഞന്നാമ്മ മുൻപേ നടന്നു പോകുന്നു. ആ കുഴി തോറും പയറുമിട്ട് അന്തോണി പിൻപേ നടന്നു പോകുന്നു. മോഡേൺ കൃഷിയുടെ ബാലപാഠം അന്നു ഞാനാദ്യമായ് കണ്ടറിഞ്ഞു.............

ലക്ഷ്മി . ബി
9 ഡി

# <u>കരുതൽ</u>

കാക്ക അണ്ണാറക്കണ്ണനെ മുറിവാലനെന്ന് കളിയാക്കാറുണ്ടായിരുന്നു. അണ്ണാറക്കണ്ണൻ കാക്കയെ കരകരപ്പാട്ടുകാരി എന്നും. കാക്ക ഒന്നും കരുതിവയ്ക്കാതെ കിട്ടുന്നതെല്ലാം അപ്പപ്പോള് തിന്നും. അണ്ണാറക്കണ്ണൻ കൂട്ടിൽ കുറച്ചെങ്കിലും മിച്ചം സൂക്ഷിക്കും. മഴക്കാലം വന്നപ്പോൾ കാക്ക അണ്ണാനോട് ചോദിച്ചു: "എന്റെ മുറിവാലൻ ചങ്ങാതീ, കുറച്ച് മാങ്ങാത്തൊലി എനിക്ക് കടം തരാമോ?"




അണ്ണാൻ പറഞ്ഞു: "ഏയ് കരകരപ്പാട്ടുകാരീ, മഴക്കാർ വരുന്നത് കാണുന്നില്ലേ, കടൽ ഇരമ്പുന്നത് കേൾക്കുന്നില്ലേ?"

കാക്ക പറഞ്ഞു: " അതിനെന്താ.? നിന്റെ സമ്പാദ്യം എന്റെ കൂട്ടിൽ കൊണ്ടുവന്നു വെക്ക്. ഞാൻ സംരക്ഷിക്കാം.......

"കൊള്ളാം....!" അണ്ണാൻ ചിരിച്ചു. "മുതലവായിൽ കോഴിക്കുഞ്ഞിനെ വയ്ക്കാനോ?...!!!" കരുതിവെക്കാൻ മാത്രമല്ല, അതു സംരക്ഷിക്കാനും ജാഗ്രത വേണം......

ലക്ഷ്മി . ബി
9 ഡി

# ഡോ. എസ്. രാധാകൃഷ്ണൻ




ഇന്ത്യയുടെ രണ്ടാമത്തെ രാഷ്ട്രപതിയായിരുന്നു **ഡോ. എസ്. രാധാകൃഷ്ണന്** എന്ന സർവേപള്ളി രാധാകൃഷ്ണൻ. ഇന്ത്യയുടെ രാഷ്ട്രീയ നേതൃനിരയിൽ അപൂർവ്വമായി കണ്ടുവരുന്ന ചിന്തകരുടെ ഗണത്തിലാണ് അദ്ദേഹത്തിന്റെ സ്ഥാനം. വിജ്ഞാന മേഖലയിൽ വഹിച്ച പങ്കുകൾ മുൻനിർത്തി ഡോ. രാധാകൃഷ്ണന്റെ ജന്മദിനം ഇന്ത്യയിൽ അധ്യാപകദിനമായി ആചരിക്കുന്നു.

1954 ൽ ആദ്ദേഹത്തിന് ഭാരതരത്ന ബഹുമതി ലഭിച്ചു. മദ്രാസിന് (ഇപ്പോൾ ചെന്നൈ) 64 കിലോ മീറ്റർ വടക്കുകിഴക്ക് തിരുത്തണി എന്ന ഗ്രാമത്തിലാണ് രാധാകൃഷ്ണൻ ജനിച്ചത്. തെലുങ്കായിരുന്നു മാതൃഭാഷ. 1957 ഏപ്രിൽ 17 ന് അന്തരിച്ചു.

ലക്ഷ്മി . ബി
9 ഡി

# <u>ജാനുവമ്മയും കൂട്ടുകാരും</u>

ആടുകളും വളർത്തി അവയുടെ പാൽ വിറ്റാണ് ജാനുവമ്മയും മകനും ജീവിച്ചിരുന്നത്. ഓമനിച്ചു വളർത്തുന്ന രണ്ട് ആടുകൾക്ക് ചിന്നു എന്നും മിന്നു എന്നും അവർ പേരിട്ടു. വീട്ടുമുറ്റത്തെ ആൽമരത്തിൽ ഒരു അമ്മക്കിളിയും കുഞ്ഞുങ്ങളും കൂടുകൂട്ടി പാർത്തിരുന്നു. ചിന്നുവും മിന്നുവും കിളികളും ജാനവമ്മയുടെയും, മകന്റെയും കൂട്ടുകാരായി.



ഒരിക്കൽ രണ്ടു കള്ളൻമാർ ആ വഴി നടന്നു പോകുകയായിരുന്നു. "നാളെ ഇവിടുത്തെ അമ്പലത്തിൽ ഉൽസവമാണ്. എല്ലാവരും ഉൽസവത്തിനു പോകും. നമുക്ക് ഈ വീട്ടിൽ നിന്നും മോഷണം തുടങ്ങാം......" കള്ളൻമാർ മോഷണത്തിന് പദ്ധതിയിടുന്നത് ചിന്നു ആട് കേൾക്കുന്നുണ്ടായിരുന്നു. ചിന്നു കൂട്ടുകാരായ മിന്നു ആടിനോടും, കിളികളോടും കാര്യം പറഞ്ഞു. "നമുക്ക് എങ്ങനെയും ഇത് തടയണം." അവർ തീരുമാനിച്ചു.

പിറ്റേന്ന് ജാനുവമ്മയും, മകനും ഉത്സവത്തിനു പോയതോടെ ചിന്നുവും മിന്നും വീടിനുള്ളിൽ കയറി ഒളിച്ചിരുന്നു. കള്ളൻമാർ വീട്ടിൽ കയറിയതും അവർ പാഞ്ഞുവന്ന് കള്ളൻമാരെ കുത്തിമറിച്ചു. വേദനകൊണ്ട് പുളഞ്ഞ അവർ പുറത്തേയ്ക്കോടി. ഈ സമയത്ത് കിളികൾ പറന്നു വന്ന് കള്ളൻമാരുടെ തലയിൽ കൊത്തിപ്പറിച്ചു.. അവർ ജീവനും കൊണ്ടോടി....

ലക്ഷ്മി . ബി

*St. Mary's GHS, Kayamkulam*

# നീരുറവ

വേനൽ അതികഠിനമായി. കുളങ്ങളും കിണറുകളും വറ്റിവരണ്ടു. സാധരണയായി വേനലിൽ അടുത്തുള്ള മഞ്ഞുമലകളിൽ നിന്ന് മഞ്ഞുരുകി



ഒഴുകി വരുന്ന വെള്ളമായിരുന്നു ഗ്രാമവാസികളുടെ ഏക ആശ്രയം. ഇക്കുറി ഗ്രാമവാസികൾ പ്രതീക്ഷയോടെ കാത്തിരുന്നിട്ടും മഞ്ഞുരുകിയില്ല. വേനൽ സഹിക്കാനാകാതെ ജനങ്ങൾ ഓരോരുത്തരായി അടുത്തുള്ള ഗ്രാമങ്ങളിലേക്ക് ചേക്കേറി, പക്ഷേ ജെറി മാത്രം ഗ്രാമം വിട്ടുപോയില്ല. അവൻ പ്രതീക്ഷയോടെ മഞ്ഞുമലയുടെ മുന്നിൽ ചെന്ന് പ്രാർഥിക്കാൻ തുടങ്ങി. ദിവസങ്ങൾ കഴിഞ്ഞിട്ടും അവന് വെള്ളം കിട്ടിയില്ല.

അവൻ നിരാശനായി മഞ്ഞുമലയുടെ മുന്നിൽ നിന്ന് പറഞ്ഞു.... "ഇത്രയേറെ പ്രാർഥിച്ചിട്ടും എന്റെ പ്രാർഥന ഈശ്വരൻ കേട്ടില്ലല്ലോ....." തിരികെ നടക്കാനൊരുങ്ങിയ അവന്റെ കാലുകളിൽ പെട്ടെന്ന് ഒരു നനവ് അനുഭവപ്പെട്ടു. അവൻ തിരിഞ്ഞുനോക്കി. മഞ്ഞുമല ഉരുകാൻ തുടങ്ങിയിരിക്കുന്നു. വെള്ളം ഒരു നീരുറവയായി ഒഴുകിവരുന്നു..... അവൻ സന്തോഷത്തോടെ ഗ്രാമവാസികളെ വിവരമറിയിച്ചു. അവരെല്ലാവരും തിരിച്ചെത്തി ഈശ്വരന് നന്ദി പറഞ്ഞു....

*St. Mary's GHS, Kayamkulam*

# ഋതുഭേദം

അന്വേഷിച്ചെന്ന് പറയണം
പലപ്പോഴും
ഓർക്കാതിരുന്നുവൻ
അവിചാരിത സംഗമത്തിൽ
ഔപചാരികത വിളമ്പി
വിളിച്ചപ്പോഴൊക്കെയും
ഔട്ട് ഓഫ് കവറേജ്.

റെഡിമെയ്ഡ് യുഗത്തിലെ
ടോൾഫ്രീ വാചകങ്ങൾ
സമ്മാനിച്ചു,
മറുപടി കേൾക്കാൻ
നിൽക്കാതെ കടന്നുപോയി
പഠിപ്പിച്ചു, പുതിയൊരു പാഠം
ചരിത്രങ്ങളൊക്കെയും
കുഴിച്ചുമൂടുക.

വർത്തമാനത്തിൽ
കണക്ക് സൂക്ഷിക്കുക.

# മഴ

മഴ ഓർമ്മയിലെന്നും
ഒരോണമാണ്
ഇപ്പോഴും
പൂക്കുന്ന പ്രണയമാണ്.



മാനം മനസ്സായി
മാറുന്ന കാലമാണ്.
പുഴ പറഞ്ഞിരുന്നു
മഴയെന്റെ ജീവനാണ്
പുഴ തേടി
മഴയലഞ്ഞു.

ഒടുവിലിപ്പോൾ
ഓർമ്മകൾ,വേദനയായ്,
തിമിർത്തു പെയ്യുന്നു.
തിരയടങ്ങാത്ത
തീരമില്ലാത്ത കരളിൽ.

*St. Mary's GHS, Kayamkulam*

# സ്വപ്നത്തിന്റെ വഴികൾ

മധുരമായിരുന്നെനിക്കെല്ലാം
മോഹങ്ങളിൽ,
കിനാവുകളിൽ,
എല്ലിൽ,
തഴമ്പിച്ച
അനുഭവങ്ങളിൽ
ഇന്ന്, ഒക്കെയും
കയ്യു നീറുന്നു.



സുന്ദരസ്വപ്നങ്ങളെല്ലാം
മോഹങ്ങളായ്
ബാക്കിയാവുമ്പോൾ,
ദു:സ്വപ്നങ്ങളോരോന്നും
കൃത്യമായി, സത്യമായ്
ഭവിച്ചിടുന്നതിന്റെ
ഭൂമി ശാസ്ത്രപ്പൊരുൾ
ദ്വീപിൽ കഴിയുന്നവന്റെ
ദാഹമാകുന്നു.

St. Mary's GHS, Kayamkulam

# വഴിപാട്



ചൂടി നടക്കാൻ
നിർബന്ധം കാണിച്ചു
നഷ്ടപ്പെടാൻ
ഒന്നുമില്ലാത്തതിനാൽ,
തടഞ്ഞില്ല.
വരൾച്ചയുടെ
പാതാള സന്ധ്യയിൽ
പരിഭവം
പറയാൻ കഴിയാതെ,
വഴി ചോദിക്കാതെ,
അനുവാദമില്ലാതെ
കൊഴിഞ്ഞുപോയി.

ആ പൂവ്
പറിച്ചെടുത്തതല്ല
പതിച്ചു തന്നതായിരുന്നു
................ ശേഷം,
ഉറുമ്പരിച്ചതിൻ ബാക്കി.
വഴിപാടായി,
അമ്പല വാസിയ്ക്ക്..........

*St. Mary's GHS, Kayamkulam*

# തിരസ്കൃതർ

അക്കരെ കാൺമതു

പച്ചപ്പല്ലെന്നോതി

ഇക്കരെ

കറുപ്പിൽ തളച്ചിട്ടതാര്.



വറുതിയാൽ ദാരിദ്ര്യം

പട്ടിണിയിൽ നീറി

ദുരിതം

ദുരന്തത്തെയോർത്തു

നടുങ്ങി

ചിതയിൽ നിന്നും

കത്തിച്ചെടുത്ത ചൂട്ടിനും

വെളിച്ചക്കുറവെന്ന

പരാതി മിച്ചം.

കുളിച്ചാലും

കാക്ക കറുത്തുതന്നെ,

ക്ഷണിച്ചാലും

തെണ്ടികൾക്കിരിപ്പിടം

പിന്നാമ്പുറത്തുതന്നെ.

St. Mary's GHS, Kayamkulam

# സമ്പത്തുകാലത്തു തൈ പത്തുവയ്ക്കൂ!

ഒരുവനൊരുനന്മയ്ക്കുരു ഭൂദാനമേകാതൊരിക്കലും

ഒരു കായ്ഫലമനുഭവിക്കില്ലവനുമപരനുമുലകിൽ

ഒരുവേളതരപ്പെടില്ലനുഭവമെനിക്കെന്നു നിനച്ച കൂട്ടർ

ഒരുമ്പെട്ടില്ല വിത്തിടാനതിനാൽ ഭോഷനെന്നറിഞ്ഞൊടുവിൽ

ഇന്നല്ലെങ്കിലൊരുനാൾ ഉലകം വെടിയേണ്ടവരെന്ന്



ഇക്കൂട്ടരറിയില്ലാദിനമാഗതമാകുംവരെ കഷ്ടം!

ഇഹം വിടാൻ മടിയുള്ളോരിവരും പറന്നുപോം

ഇഥം നിനക്കാത്തനാളിലെന്നതും ദൈവകല്പിതം

കളിയല്ലിഹവാസമെന്നറിഞ്ഞുമേവും സത്തുക്കളെ

കൈക്കൊള്ളുവാൻ സ്വർഗ്ഗേ ജാഗരൂകനീശനും സദാ കനിവിൻ കണിക

കാട്ടും മഹാജനങ്ങൾക്കെന്നും

കഷ്ടം സഹിക്കേണ്ടതുണ്ടെന്നാൽ തുണയീശനെന്നും

AKSA ANIL
9E

നമ്മുടെ മാതാവു-കൈരളി-പണ്ടൊരു

പൊന്മണിപ്പൈതലായ് വാണ കാലം-

യാതൊരു ചിന്തയുമില്ലതെ കേവലം

ചേതസി തോന്നിയ മാതിരിയിൽ,

ഏടലർച്ചെങ്കാല്ച്ചിലങ്ക കിലുങ്ങുമാ-

റോഡിൽക്കളിച്ചു രസിച്ച കാലം-

പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ

വറ്റിയിച്ചില്ലാത്ത പൂങ്കണ്ഠത്താല്

പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ

പാല്ക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം




പണ്ടത്തെപ്പാട്ടുകൾ (വള്ളത്തോൾ)

# കൊതിയന്റെ കഥ

അടുക്കളയിൽ അലമാര മുഴുവൻ തീറ്റസാധനങ്ങൾ. കുഞ്ഞൻ ചുണ്ടെലിക്ക് കൊതി സഹിച്ചില്ല. കതക് തുളച്ച് ദ്വാരമുണ്ടാക്കി അതിലൂടെ ചെന്ന് അലമാരയുടെ അകത്തെത്തി. അവൻ എല്ലാം തിന്നാൻ തുടങ്ങി. തിന്നു, തിന്നു നേരം പോയതറിഞ്ഞല്ല. "നേരം വെളുത്തല്ലോ...! ഇനി പോയി ഒളിക്കാം" അവൻ ദ്വാരം വഴി




പുറത്തിറങ്ങാൻ നോക്കി. ദ്വാരത്തിൽ തലകടത്തി "ഹയ്യോ!" വയർ പന്തുപോലെ വീർത്തിരിക്കുന്നു. എത്ര ശ്രമിച്ചിട്ടും ഇറങ്ങാൻ കഴിയുന്നില്ല. കരച്ചിൽ കേട്ടു വീട്ടമ്മയെത്തി. പിന്നത്തെ കഥയൊന്നും കുഞ്ഞനോർമ്മയില്ല. നടുവിന് നല്ല തല്ലു കൊണ്ടപ്പോഴേ അവന്റെ ഓർമ്മനശിച്ചിരുന്നു. "കൂട്ടുകാരെ കൊതിവരുത്തുന്ന അപകടം നോക്കിക്കേ"............

മഹിത ഡി

9D

# നല്ലവരാകൂ



ജനിച്ച നാടിനുവേണ്ടി പൊരുതി

ജവഹർലാൽ നെഹ്റു

ജയിച്ചു വന്നു, നാടുഭരിച്ചു

ജവഹർലാൽ നെഹ്റു

നന്മനിറഞ്ഞ കിടാങ്ങളെ നെഹ്റു

നന്നായ് സ്നേഹിച്ചു

അലിവോടവരുടെയരികിൽ ചെന്നു

അവരെ ലാളിച്ചു

ആ മുഖമോർത്താലിന്നും ഭാരത-

മാനന്ദിക്കുന്നു

ആ ജന്മദിനം ശിശുദിനമായ് നാം

ആഘോഷിക്കുന്നു

നല്ലവരായാൽ നാടും വീടും

നമ്മളെ മാനിക്കും

നാളുകളെത്ര കഴിഞ്ഞും ലോകം

നന്മകളോർമ്മിക്കും!

മഹിത. ഡി

*St. Mary's GHS, Kayamkulam*

9.D

# ബാല്യം



ഒന്നുമറിയാതെയോടി-

ക്കളിച്ചൊരാ ബാല്യം

മറക്കുന്നതെങ്ങനെ ഞാൻ.

പൂവും പുഴയും ചിലയ്ക്കും കിളികളും

കൂട്ടുകാരായബാല്യമിന്നും.

ഒരിക്കലും മായാത്ത സന്തോഷമാ-

യെന്റെയുള്ളിൽ തെളിയുന്നതറിയുന്നു ഞാൻ.

സ്വാർത്ഥതയെന്തെന്നറിയാത്ത

ബാല്യമാണെന്നും മനുഷ്യന്റെ നല്ലകാലം.

പന്തയ വേദിയിൽ

മത്സരിക്കാനായ്

മനസ്സിലസൂയ നിറച്ചിടുമ്പോൾ

സ്വാർത്ഥരായി മാറുന്നു

നമ്മളെല്ലാവരും

നന്മമറന്നവരായിടുന്നു.

ബാല്യമേ പോകാതെ-

യുള്ളിൽ തുളുമ്പുമോ....

നല്ല മനുഷ്യനായ് ജീവിക്കുവാൻ

ഒന്നു ജീവിക്കവാൻ............

മഹിത.ഡി

*St. Mary's GHS, Kayamkulam*

9.D

# <u>കിളികൾ</u>

മാനത്തു പാറി നടക്കും കിളികൾ

മരക്കൊമ്പിൽ വന്നിരിക്കും കിളികൾ.



നമ്മെ ഉണർത്താൻ-

പാട്ട് പാടും കിളികൾ.

ഞാൻ അരികെ ചെന്നാൽ-

പറന്നു പോകും കിളികൾ

എങ്കിലും കിളികളാണെൻ-

പ്രിയ കൂട്ടുകാർ.............

മഹിത.ഡി

9D

# കുഞ്ഞിപ്പൈങ്കിളിയും ചിന്നുപ്പൈങ്കിളിയും

ഒരിക്കൽ ഒരു പുഴ വക്കത്ത് രണ്ട് കിളികൾ താമസിച്ചിരുന്നു. ഒന്ന് കുഞ്ഞിപ്പൈങ്കിളിയും, മറ്റേത് ചിന്നുപ്പൈങ്കിളിയും. രണ്ടാളും കൂടി ഒരു ദിവസം ഭക്ഷണം തേടി ഒരു വാഴത്തോട്ടത്തിലെത്തി. വാഴത്തോട്ടത്തിൽ ഒരു വാഴക്കൈയിൻമേൽ ഇരുന്ന കുഞ്ഞിപ്പൈങ്കിളി വാഴക്കൈ ഒടിഞ്ഞ് താഴെയുണ്ടായിരുന്ന കുളത്തിലേക്ക് വീണു. വെള്ളത്തിൽ കാലിട്ടടിച്ചപ്പോൾ കുഞ്ഞിപ്പൈങ്കിളിയുടെ കാലിന്മേൽ ഒരു സ്വർണ്ണമാല ചുറ്റിപ്പിടിച്ചു. കുഞ്ഞിപ്പൈങ്കിളിക്ക് സന്തോഷമായി. അവൾ സ്വർണ്ണമാലയും കൊണ്ട് വീട്ടിൽ പോയി സുഖമായി ജീവിച്ചു.



അതുകണ്ട ചിന്നുപ്പൈങ്കിളിക്ക് അത്തരമൊരു മാലകിട്ടണമെന്ന് ആഗ്രഹമുണ്ടായി. അവൾ ആ കുളത്തിന് മുകളിലുള്ള വാഴക്കൈയിന്മൽ ചെന്നിരുന്നു. വാഴക്കൈ ഒടിയുന്നില്ലെന്ന് കണ്ട ചിന്നുപ്പൈങ്കിളി കുളത്തിലേത്ത് മനഃപൂർവ്വം വീണു. കുറെ നേരം തപ്പിയിട്ടും ചിന്നുവിന് മാല കിട്ടിയില്ല. പിന്നെയും വെള്ളത്തിൽ തപ്പിയപ്പോൾ ഒരു നീർക്കോലി പാമ്പ് ചിന്നുവിന്റെ കാലിൽ ചുറ്റി. പാമ്പ് ചിന്നുവിന് ഒരു കടിയും കൊടുത്തു. ചിന്നുപ്പൈങ്കിളി കരയാൻ തുടങ്ങി. "മറ്റൊരാൾക്ക് കിട്ടുന്ന ഭാഗ്യം നാം കൊതിക്കന്നത് ശരിയല്ല...." എന്ന് അതോടെ അവൾ പഠിച്ചു.

മഹിത.ഡി

*St. Mary's GHS, Kayamkulam*

## നിശാഗന്ധി



നിശതൻ സൗന്ദര്യമാകുന്ന പൂവേ

നിനക്കീ വെൺമയോലും സുഗന്ധം

ആരു തന്നു.

രാത്രിയെ പ്രണയിച്ച നിശാഗന്ധീ

നീയൊരു ദേവസ്ത്രീയാകാത്തതെന്തുകൊണ്ട്.

നിൻ വെൺമ കണ്ട് ഞാൻ സംശയിക്കുന്നു

നിൻ അമ്മയാണോ നിലാവെന്ന്.

നിൻ ചൈത്രമാം മുഖബിംബം മൂലം

രാത്രി എത്ര മനോഹരി....

മഹിത.ഡി

9.ഡി

## സന്ദേശം

*"സൂര്യൻ ഉദിക്കുമ്പോൾ ഇരുട്ട് മാറിപ്പോകുന്നതുപോലെ അറിവുദിക്കുമ്പോൾ അജ്ഞതയും മാറിപ്പോകുന്നു."*

ശ്രീനാരായണ ഗുരു

മഹിത.ഡി
9.ഡി

# പ്രപഞ്ചം



എത്ര സുന്ദരമീ പ്രപഞ്ചം-

കത്തിജ്വലിക്കുന്ന സൂര്യൻ,

പുഞ്ചിരി വിതറുന്ന പൂക്കൾ,

കരകവിഞ്ഞൊഴുകുന്ന പുഴകൾ,

മധുരമായി പാടുന്ന കിളികൾ.

രത്രിതൻ ശോഭയിൽ

മിന്നിത്തിളങ്ങുന്ന മിന്നാമിന്നികൾ,

ആകാശത്തിൻ മാറ്റുകൂട്ടി

തിങ്ങിനിറയും താരകങ്ങൾ.

ദൈവത്തിൻ കരസൃഷ്ടിയല്ലോ

ഈ പ്രപഞ്ചം മുഴുവൻ.

മഹിത.ഡി
9.ഡി

*St. Mary's GHS, Kayamkulam*

# കടംകഥ

1. എണ്ണക്കുഴിയിൽ ഞാവൽപഴം?

    ഉ. കണ്ണ്

2. എഴുത്തുണ്ട് പുസ്തകമല്ല, ചിത്രമുണ്ട് ചുമരല്ല?

    ഉ. നാണയം

3. മക്കളെക്കൊല്ലിത്തള്ള?

    ഉ. തീപ്പെട്ടി

4. തിന്നാൻ പറ്റുന്ന ആന?

    ഉ. ബനാന

5. ബസ്സിൽ നിന്ന് ഇറങ്ങാൻ എന്തു ചെയ്യണം?

    ഉ. ബസ്സിൽ കയറണം

6. തിന്നാൻ പറ്റാത്ത ആന?

    ഉ. കുഴിയാന

7. മീനുകൾ പേടിക്കുന്ന ദിവസം?

    ഉ. ഫ്രൈഡേ

8. കുട്ടികൾക്ക് ഇഷ്ടമുള്ള മരം?

    ഉ. സമരം

9. സ്ത്രീകൾക്ക് ഇഷ്ടമുള്ള ഭരണം?

    ഉ. ആഭരണം

10. കുട്ടികൾക്ക് ഇഷ്ട്ടമുള്ള ഷിപ്പ്?

    ഉ. സ്കോളർഷിപ്പ്

മഹിത.ഡി
9.ഡി

# നന്ദിയോടെ....



# സെന്റ്മേരീസ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



2019-20



ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ കായംകുളം സെന്റ് മേരീസ് സ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങ-ളോടും, ഞങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകിയ ബഹു. ഹെഡ് മിസ്ട്രസ്സ് റവ. സിസ്റ്റർ പൂർണ്ണിമ, മോളി ടീച്ചർ, ജെസി ജോൺ ടീച്ചർ, ബിൻസി ടീച്ചർ, മറ്റെല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു...........

അർച്ചന അജികുമാർ. ബി
എഡിറ്റർ